**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5368 — 31.10.2016 ൽ മറുപടിക്ക്

## കോഡൂരിനെ മലപ്പുറം ഹെൽത്ത് ബ്ലോക്കിലേക്ക് മാറ്റാൻ നടപടി

| | ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം മണ്ഡലത്തിലെ കോഡൂർ പഞ്ചായത്ത് ഇപ്പോഴും മങ്കട ഹെൽത്ത് ബ്ലോക്കിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭരണപരമായ സൗകര്യത്തിന് കോഡൂരിനെ മലപ്പുറം ഹെൽത്ത് ബ്ലോക്കിലേക്ക് മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) | മലപ്പുറം ബ്ലോക്ക് പരിധിയിൽപ്പെടുന്ന കോഡൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം നിലവിൽ മങ്കട ഹെൽത്ത് ബ്ലോക്കിന്റെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. ഇത് ഭരണപരമായ ദൈനംദിന കാര്യങ്ങളുടെ മേൽനോട്ടം, പദ്ധതി ആസൂത്രണം,ഫണ്ട് വിനിയോഗം എന്നിവ സംബന്ധിച്ച് പ്രയാസങ്ങൾ നേരിടുന്നതായി കോഡൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും അറിയിച്ചിരുന്നു. ഈ പ്രയാസങ്ങൾ പരിഹരിക്കുന്നത് ആരോഗ്യ വകുപ്പിനും ഗുണകരമായതിനാൽ കോഡൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ മങ്കട ഹെൽത്ത് ബ്ലോക്കിൽ നിന്നും മലപ്പുറം ഹെൽത്ത് ബ്ലോക്കിലേക്ക് മാറ്റി നൽകാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ കോഡൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ലീൻ മങ്കട ബ്ലോക്കിൽ നിന്നും മാറ്റി മലപ്പുറം ബ്ലോക്കിന്റെ കീഴിലാക്കി പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ബ്ലോക്ക് കോ-ഓർഡിനേഷൻ പൂക്കോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലാക്കിയാൽ എല്ലാ തലത്തിലുമുള്ള പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്ന് ജില്ലാ മെഡിക്കൽ ആഫീസർ റിപ്പോർട്ടു നൽകിയിരിക്കുന്നതായും ആയത് പരിശോധിച്ച് സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ